**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2023** **16-03-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസി ഭദ്രതാ സംരംഭക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നാട്ടിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രവാസികളെ സഹായിക്കുന്നതിനായി രൂപീകരിച്ച പ്രവാസി ഭദ്രതാ സംരംഭക പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; ഇതുവരെ ഈ പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ? | (എ) | കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ വിദേശ രാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയ പ്രവാസികളെ നാട്ടിൽ സംരംഭങ്ങൾ തുടങ്ങാൻ സഹായിക്കുന്നതിനായി 'പ്രവാസി ഭദ്രതാ പദ്ധതിക്ക്' രൂപം നൽകിയിട്ടുണ്ട്. ജീവനോപാധിയും വരുമാന മാർഗ്ഗവും കണ്ടെത്തുന്നതിനായി മൂന്ന് തരം വായ്പാ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1. അവിദഗ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപെട്ടവർക്കായി കുടുംബശ്രീ മുഖാന്തിരം - 'പ്രവാസി ഭദ്രതാ - പേൾ' (ഒരാൾക്ക് പരാമാവധി 2 ലക്ഷം രൂപ വായ്പ) 2. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ/കേരള ബാങ്ക് മുഖാന്തിരം - 'പ്രവാസി ഭദ്രതാ - മൈക്രോ' (ഒരാൾക്ക് പരാമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷം രൂപ മൂലധന സബ്സിഡി + പലിശ സബ്സിഡി) 3. വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി മുഖാന്തിരം - പ്രവാസി ഭദ്രതാ - മെഗാ (ഒരാൾക്ക് പരാമാവധി 2 കോടി രൂപ വരെ വായ്പ, 3.25% – 3.75% വരെ പലിശ സബ്സിഡി) മേൽപ്പറഞ്ഞ പ്രവാസി ഭദ്രത പദ്ധതിയിൻ കീഴിൽ നാളിതുവരെയായി 7000 -ത്തിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ